ശ്രീ. കെ. പി. ഗോപാലൻ : അതു നഷ്ടം വളരെ കുറഞ്ഞു വന്നിട്ടുണ്ട്. പഴയ ഫാക്ടറിയിൽ ഇണം കുറഞ്ഞതും, ഉപയോഗപ്രദമല്ലാത്തതുമായ സാധനങ്ങളാണ് ഉണ്ടാക്കിയിരുന്നതു്. എന്നാൽ പുതിയ ഫാക്ടറിയിൽ നല്ലതരം പോട്ടറി സാമാനങ്ങളും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. അതു് വിറ്റഴിച്ചു വരുന്നുമുണ്ടു്. ക്രമേണ ഇതിന്റെ പ്രവർത്തനം നഷ്ടത്തിലല്ലാതെ വരുമെന്നാണു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. ആർ. സുഗതൻ : ഈ രാജ്യത്തെ കുടിമണ്ണു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ട ആവശ്യമുള്ളതുകൊണ്ടു് ഇത്തിക്കരയിൽ ഒരു കുടിമൺ ഫാക്ടറി തുടങ്ങുവാൻ ഗവണ്മെന്റു് ശ്രമിക്കുമോ ?

ശ്രീ. കെ. പി. ഗോപാലൻ : അവിടെയൊരു ഫാക്ടറി നടത്തുവാൻ ഗവണ്മെന്റിനു പ്രത്യേകമായി ഒരു പദ്ധതിയുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോൾ പുതുതായി തുടങ്ങിയിരിക്കുന്ന ഫാക്ടറി നഷ്ടത്തിൽ വന്നതു് സാധങ്ങളുടെ വിലക്കുടുതലല്ലെങ്കിൽ, കച്ചാളിറി മോശമായതുകൊണ്ടാണെന്നാണോ പറയുന്നതു് ?

ശ്രീ. കെ. പി. ഗോപാലൻ : കച്ചാളിറി മോശമല്ല. നല്ല കച്ചാളിറിയിൽ അവിടെ സാധനങ്ങൾ നിർമ്മിക്കുന്നുണ്ടു്. ആ സാധനങ്ങൾ വളരെ വേഗത്തിൽ വിറ്റഴിക്കാൻ ശ്രമിക്കുന്നുണ്ടു്. അതുകൊണ്ടു് ക്രമേണ നഷ്ടം വരികയില്ലെന്നാണു് വിചാരിക്കുന്നതു്.

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു്.

*1762. [8] ശ്രീ. ടി കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിനു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു് റിവൈസു് ചെയ്യുന്നതിനുള്ള നടപടികൾ എത്രത്തോളമായെന്നു വ്യക്തമാക്കുമോ ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്) :

കരിങ്കൽ തൊഴിലാളികളുടെ മിനിമം വേജസു് റിവൈസു് ചെയ്യുന്നതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണു്. അതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ ഉടൻ അഡൈ്വസറി ബോർഡു തീരുമാനം എടുക്കുന്നതാണു്.

സ്റ്റോറേജ് ട്രാൻസ്പോർട്ടു്.

*1763. [10] ശ്രീ. എൻ. ശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സ്റ്റോറേജ് ട്രാൻസ്പോർട്ടു സർവ്വീസിന്റെ പ്രവർത്തനസൗകര്യങ്ങൾക്കായി സംസ്ഥാനത്തെ എത്ര സർവ്വീസ്സു് ഡിസ്ട്രിക്ടുകളായി തിരിച്ചിട്ടുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്ടിലും ആവശ്യമായ വർക്ഷോപ്പുകളും സ്റ്റാഫും പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഓരോ ഡിസ്ട്രിക്ടിലും ഓടുന്ന സർവ്വീസു് ബസ്സുകളെത്ര ?

LIBRARY ARCHIVES Kerala Legislative Assembly